DESPATCHED
On...03/06/2020

28/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

# ഹർജി നമ്പർ AP No.2671(1)/2019/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.20742/എസ്.ഐ.സി–ജി 4/2019)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ഷഹീൻ എഫ്.,
സരോവരം, മൈലാപ്പള്ളി ജംഗ്ഷൻ, പുളിമൂട്,
ആലംകോട് പി.ഒ., ആറ്റിങ്ങൽ –695 102 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഫിനാൻസ് ഓഫീസർ
കേരള ലേബർ വെൽഫെയർ ഫണ്ട്
ബോർഡ് ഓഫീസ്, വഞ്ചിയൂർ, തിരുവനന്തപുരം
2. അപ്പീൽ അധികാരി &
കേരള ലേബർ വെൽഫെയർ ഫണ്ട്
ബോർഡ് ഓഫീസ്, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 20.09.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.10.2019 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 06.11.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 02.12.2019 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17.12.2019 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 17.12.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28.12.2019 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് തീയതി & സ്ഥലം | 28.02.2020 & കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഒന്നാം എതിർകക്ഷികൾ<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷഹീൻ എഫ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി ടിയാന് ലഭ്യമാക്കിയ വിവരങ്ങൾ ബഹുഭൂരിപക്ഷവും അപൂർണ്ണവും തെറ്റായിട്ടുള്ളതുമാണെന്നും ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ഒന്നാം എതിർകക്ഷിയുടെ നടപടി ന്യായീകരിച്ച് അപ്പീൽ തീർപ്പാക്കുകയാണ് ഉണ്ടായിട്ടുള്ളതെന്നും ടിയാനെതിരെയുള്ള അച്ചടക്കനടപടികളുടെ റിപ്പോർട്ടിന്റെ പകർപ്പ് ആവശ്യപ്പെട്ടപ്പോൾ അച്ചടക്ക നടപടികൾ തുടരുന്നതിനാൽ റിപ്പോർട്ട് നൽകാനാകില്ല എന്നാണ് അറിയിച്ചതെന്നും മറ്റൊരു ജീവനക്കാരിക്കെതിരെയുള്ള അച്ചടക്ക നടപടികൾ തുടർന്ന് വന്നിരുന്ന അവസരത്തിൽ ആയത് ഹർജിക്കാരന് ലഭ്യമാക്കിയിരുന്നതാണെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

- ടിയാന് 01.01.2018 തീയതി യു.ഡി ക്ലാർക്ക് തസ്തികയിലേക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകിയ വിവരത്തിൽ സാധൂകരണത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചതിൽ തീരുമാനമായി ലഭിച്ച കത്തിൽ ടിയാന് നൽകിയ പ്രൊവിഷണൽ പ്രൊമോഷൻ വിഷയത്തിൽ സൂധൂകരണം ഇല്ലെന്നും നിലവിലുള്ള ഉത്തരവുകൾ പ്രകാരം ടിയാന് നൽകിയ പ്രൊവിഷണൽ പ്രൊമേഷൻ ക്രമപ്രകാരം അല്ലെന്നു മാത്രമല്ലേ വ്യക്തമാക്കുന്നതെന്നും പ്രൊവിഷണൽ പ്രൊമോഷൻ നൽകുന്നത് നിർത്തലാക്കിയെന്നോ ഇനിയും ആർക്കും നൽകാൻ പാടില്ല എന്നോ ടി കത്തിൽ എവിടെയെങ്കിലും സൂചിപ്പിക്കുന്നുണ്ടോ എന്നും

- ശ്രീമതി. രോഹിണി ആർ.വി. പ്രൊമോഷന് വേണ്ടുന്ന വകുപ്പുതല പരീക്ഷകൾ പാസ്സായതിന്റെ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എസ്റ്റാബ്ലിഷ്മെന്റ് സീറ്റിൽ ലഭ്യമാക്കിയപ്പോഴല്ലേ ബന്ധപ്പെട്ട ഫയൽ ക്ലാർക്കായ ഹർജിക്കാരൻ പുട്ട്അപ് ചെയ്തിട്ടുള്ളതെന്നും ഒരു ക്ലാർക്ക് എന്ന നിലയിൽ ബാക്ക് ഫയലുകൾ പരിശോധിച്ച് ഇത്തരത്തിൽ ആർക്കെങ്കിലും പ്രൊമേഷനോ മറ്റോ നൽകിയിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി ഫയലിലൂടെ മേലുദ്യോഗസ്ഥനെ അക്കാര്യം കൂടി അറിയിക്കാനുള്ള ബാധ്യത ടി സീറ്റ്

കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ ഉത്തരവാദിത്തം അല്ലേ എന്നും ഹർജിക്കാരന് പ്രൊവിഷണൽ സ്ഥാനക്കയറ്റം നൽകിയതിൽ സുധുകരണം ഇല്ലെന്ന് സർക്കാർ അറിയിച്ചിട്ടുള്ളതിനാൽ തുടർന്ന് ആർക്കും നൽകാൻ പാടില്ല എന്നോ ആയതു സംബന്ധിച്ച വിവരങ്ങൾ ക്ലാർക്ക് എഴുതി ഫയൽ സമർപ്പിക്കാൻ പാടില്ല എന്നോ വിവക്ഷിക്കുന്ന ചട്ടം ഉണ്ടോ എന്നും മറ്റുമായി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് കൃത്യമായ മറുപടി നൽകിയിട്ടില്ല എന്നും ചില ഇനങ്ങൾ സംബന്ധിച്ച് തെറ്റായ വിവരങ്ങളാണ് നൽകിയിട്ടുള്ളതെന്നും ഒന്നാം ഇനത്തിലെ രണ്ടും മൂന്നും പിരിവുകൾക്ക് മറുപടി നൽകിയിട്ടില്ല എന്നും രണ്ടാം ഇനത്തിലെ രണ്ടും മൂന്നും പരിവുകൾക്ക് വിവരം നൽകിയില്ല എന്നും മൂന്നാം ഇനം സംബന്ധിച്ച് തെറ്റായ മറുപടിയാണ് നൽകിയിട്ടുള്ളതെന്നും നാലാം ഇനത്തിലെ 3,4 പിരിവുകൾക്ക് മറുപടി നൽകിയിട്ടില്ല എന്നും അഞ്ചാം ഇനത്തിനു നൽകിയിട്ടുള്ള വിവരം ലഭ്യമല്ല എന്ന മറുപടി ശരിയല്ലെന്നും ആറാം ഇനം സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് തുടർന്നു വരുന്നതെന്നു വ്യക്തമാക്കിയിട്ടില്ലെന്നും മറ്റുമാണ്. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനം സംബന്ധിച്ച് ഹർജിക്കാരന്റെ പ്രൊവിഷണൽ പ്രൊമോഷനുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ഹർജിക്കാരന് നൽകുവാനും ആറാം ഇനം സംബന്ധിച്ച മറുപടി ലഭ്യമാക്കുവാനും ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 2,3,4,5,7,8,9,10,11 എന്നീ ഇനങ്ങൾ സംബന്ധിച്ച് വിവരാവകാശ നിയമ പ്രകാരമുള്ള മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. തുടർന്ന് ഒന്നാം എതിർകക്ഷി ഹർജിക്കാരന്റെ അപേക്ഷയിലെ 1,6 എന്നീ ഇനങ്ങൾ സംബന്ധിച്ച് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ 10,13 എന്നീ ഇനങ്ങൾ സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടികൾ സംബന്ധിച്ച് ടിയാന് ആക്ഷേപമുണ്ടെന്നാണ്. 10-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ഹർജിക്കാരനെതിരെ അന്വേഷണം നടത്താൻ കമ്മീഷണർ, എഫ്.ഒ.ക്ക് എന്തെങ്കിലും കുറിപ്പുകൾ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ്

നൽകണമെന്നും ഫൈനാൻസ് ഓഫീസർ നടത്തിയ അന്വേഷണത്തിൽ മൊഴി നൽകിയിട്ടുള്ള ജീവനക്കാർ ആരെല്ലാമെന്നും ടി അന്വേഷണത്തിന്റെ റിപ്പോർട്ടും ജീവനക്കാർ നൽകിയ മൊഴിയുടെ പകർപ്പും ലഭ്യമാക്കണമെന്നും 2019 സെപ്റ്റംബർ മാസത്തിലെ ബോർഡിന്റെ മുഖ്യ കാര്യാലയത്തിലെ സ്ഥിരം ജീവനക്കാരുടെയും ദിവസവേതന ജീവനക്കാരുടേയും ഹാജർ പുസ്തകത്തിന്റെ ബന്ധപ്പെട്ട പകർപ്പുകൾ ലഭ്യമാക്കണമെന്നുമാണ്. ടി ഇനം സംബന്ധിച്ച് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടി വിഷയത്തിൽ അച്ചടക്ക നടപടികൾ തുടരുന്നതിനാൽ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകാൻ സാധിക്കുകയില്ല എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട ഹാജർ പുസ്തകത്തിന്റെ പകർപ്പ് നൽകുന്നുവെന്നുമാണ്. ഇക്കാര്യം പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് ടിയാനെതിരെ നടന്നുകൊണ്ടിരിക്കുന്ന അച്ചടക്ക നടപടികൾ സംബന്ധിച്ച വിവരങ്ങളാണെന്നു കാണുന്നു. ടി രേഖകൾ നേരിൽ പരിശോധിക്കുവാനുള്ള അവസരം ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നു കമ്മീഷൻ മുമ്പാകെ ഹാജരായ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചു. അത്തരം സാഹചര്യത്തിൽ വിവരാവകാശ നിമയത്തിലെ 8(1)(എച്ച്) വകുപ്പ് ചൂണ്ടിക്കാട്ടി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നിരസിക്കുന്നതിൽ യാതൊരു ന്യായീകരണവും ഇല്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. കൂടാതെ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത്, ടിയനെതിരെ നടത്തുന്ന അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട വിവരങ്ങളാണ്. ആയത് സ്വാഭാവിക നീതിയുടെ ഭാഗമായും ഹർജിക്കാരന്റെ ഭാഗം ബന്ധപ്പെട്ട അധികാരി മുമ്പാകെ ബോധ്യപ്പെടുത്തുന്നതിലേക്കും ആവശ്യമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ടി റിപ്പോർട്ടിന്റെ പകർപ്പും സാക്ഷിമൊഴികളുടെ പകർപ്പും ഹർജിക്കാരന് ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസങ്ങൾക്കകം സൗജന്യമായി അയച്ചു കൊടുക്കണമെന്നു കമ്മീഷൻ ഉത്തരവാകുന്നു. 13-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 03.09.2019 ാം തീയതി കോൺഫറൻസ് ഹാൾ ഉപയോഗിക്കുന്നതിന് മുൻകൂട്ടിയോ അന്നേ ദിവസമോ ബോർഡ് കാര്യാലയത്തിൽ കത്തു നൽകിയിരുന്നോ എന്നും നൽകിയിരുന്നുവെങ്കിൽ ടി കത്തിന്റെയും തപാൽ ബുക്കിലെ ബന്ധപ്പെട്ട പേജിന്റേയും പകർപ്പുകൾ ലഭ്യമാക്കണമെന്നും ടി വിഷയത്തിൽ വെൽഫയർ ഫണ്ട് കമ്മീഷണർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും ഓഫീസ് പ്രവർത്തന സമയത്ത് യൂണിയൻ മീറ്റിംഗിന് അനുമതി നൽകുന്നത് ചട്ടവിരുദ്ധമല്ലേ എന്നും കോൺഫറൻസ് ഹാൾ ഉപയോഗിക്കുന്നതിന് അനുമതി വാങ്ങാതെയും അനുമതി ഓഫീസ് മേലധികാരി നൽകാതെയും വന്നിട്ടുണ്ടെങ്കിൽ യൂണിയൻ ഭാരവാഹികൾക്കെതിരെയും ജീവനക്കാർക്കെതിരെയും

നടപടി സ്വീകരിക്കുന്നതിലേക്കായി സർക്കാരിലേക്ക് കത്തു നൽകിയിട്ടുണ്ടോ എന്നുള്ളതാണ്. ടി ഇനത്തിൽ ഹർജിക്കാൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് വ്യക്തതയുള്ള വിവരങ്ങൾ നൽകുന്നതിനു പകരം വിവരം 'ലഭ്യമല്ല' എന്ന ഒഴുക്കൻ മട്ടിലുള്ള മറുപടിയാണ് ഹർജിക്കാരന് നൽകിയിട്ടുള്ളതെന്നു കാണുന്നു. ആയത് അംഗീകരിക്കത്തക്കതല്ല. ടി ഇനം സംബന്ധിച്ച് ഹർജിക്കാരന് വ്യക്തവും പൂർണ്ണവുമായ മറുപടി ഒന്നാം എതിർകക്ഷി ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസങ്ങൾക്കകം നൽകണമെന്നും ടി വിഷയത്തിൽ ഏതെങ്കിലും രേഖകൾ ഉണ്ടെങ്കിൽ ആയത് ഹർജിക്കാരന് സൗജന്യമായി നൽകണമെന്നും കമ്മീഷൻ ഉത്തരവാകുന്നു. എന്നാൽ ഓഫീസ് പ്രവർത്തന സമയം യൂണിയൻ മീറ്റിംഗ് നടത്തുന്നത് ചട്ടവിരുദ്ധമല്ലേ എന്നതു സംബന്ധിച്ച് ഹർജിക്കാരൻ തേടിയിട്ടുള്ളത് സംശയ നിവാരണമോ വിശദീകരണമോ ചട്ടവ്യാഖ്യാനമോ ഒക്കെയാണെന്നു കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 'വിവരം' എന്നതിന്റെ നിർവ്വചനത്തിൽ വരുന്നതല്ലെന്നു കമ്മീഷൻ വ്യക്തമാക്കുന്നു.

4. മേൽ പ്രസ്താവിച്ച ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, ഫെബ്രുവരി 28– ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
dp